**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4340

22.07.2015-ൽ മറുപടിയ്ക്ക്

# ബി.എൽ.ഒ-മാരുടെ പ്രതിഫലം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) 2013 മുതൽ ബി.എൽ.ഒ-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇനിയും പ്രതിഫലം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) 2013-14 സാമ്പത്തിക വർഷത്തെ എല്ലാ ആനുകൂല്യങ്ങളും ബി.എൽ.ഒ-മാർക്ക് അനുവദിച്ചിട്ടുള്ളതാണ്. ബി.എൽ.ഒ-മാരായി സേവനം അനുഷ്ഠിക്കുന്ന അംഗൻവാടി ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് 2014-15 സാമ്പത്തിക വർഷത്തിലെ പ്രതിഫലം നൽകുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാസർഗോഡ്, കോഴിക്കോട്, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിലെ ബി.എൽ.ഒ-മാർക്ക് 2014-15, 2015-16 ബഡ്ജറ്റിലെ ഫണ്ട് ലഭ്യത അനുസരിച്ച് BLO പ്രതിഫലം അനുവദിച്ചിട്ടുണ്ട്. |
| (ബി) കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റേതടക്കം ബി.എൽ.ഒ.മാർക്ക് നൽകാനുള്ള പ്രതിഫലം ഉടൻ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) വോട്ടർമാരുടെ പഴയ ഐഡന്റിറ്റി കാർഡ് മാറ്റി പുതിയ കളർ ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ബൂത്ത് ലെവൽ ഓഫീസർമാർക്ക് അഡ്വാൻസ് തുകയായി 500/- രൂപാ വീതം അനുവദിച്ചിട്ടുള്ളതാണ്. 2015-16 വർഷത്തെ പൂർണ്ണ ബഡ്ജറ്റ് പാസായ ശേഷം മാത്രമേ ബാക്കി തുകയും, അനുവദനീയമായ മറ്റ് പ്രതിഫലവും ബി.എൽ.ഒ-മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ. |

**സെക്ഷൻ ഓഫീസർ**